©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 9 / Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 ഏപ്രിൽ 28
28th April 2020
1195 മേടം 15
15th Medam 1195
1942 വൈശാഖം 8
8th Vaisakha 1942

നമ്പർ / No. 17

PART III
Co-operative Department

വയനാട് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)ടെ നടപടിക്രമം

(ഹാജർ: ശ്രീ. പി. റഹീം, ജോയിന്റ് രജിസ്ട്രാർ)

(1)

നമ്പർ എ.ഇ.എൽ. 3419/2019. 2020 മാർച്ച് 4.

വിഷയം :—സമാപ്തീകരണം—കാരക്കാമല വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ളിപ്തം നമ്പർ ഡബ്ളിയു.130—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ)ടെ 29-3-2019-ാം തീയതിയിലെ 827/2017(14) നമ്പർ കത്തും വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ടും.

(2) ഈ ആഫീസിലെ 29-8-2019-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

മാനന്തവാടി താലൂക്കിൽ കാരക്കാമല ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന കാരക്കാമല വനിതാ തേനീച്ച വളർത്തൽ തേൻ സംസ്ക്കരണ വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ലിയു. 130 പിന്നീട് സംഘത്തിന്റെ പേര് മാറ്റിയ കാരക്കാമല വനിതാ മൾട്ടിപർപ്പസ് സഹകരണ സംഘം എന്ന പേരിൽ സംഘം വർഷങ്ങളായി പ്രവർത്തന രഹിതമായി കിടന്നതിനെ തുടർന്ന് മാനന്തവാടി അസി. രജിസ്ട്രാർ (ജനറൽ) 23-7-2018-ാം തീയതിയിലെ 827/2017 (14) നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരം പനമരം യൂണിറ്റ് ഇൻസ്പെക്ടർ പരിശോധന നടത്തി സൂചന (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. പരിശോധനയിൽ മേപ്പടി പേരിൽ ഒരു സംഘം കാരക്കാമലയിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയാൻ കഴിഞ്ഞുവെന്നും മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ തെരഞ്ഞെടുപ്പ് രജിസ്റ്റർ പരിശോധിച്ചതിൽ സംഘത്തിൽ 25-5-1993-ൽ ഒരു തെരഞ്ഞെടുപ്പ് നടത്തിയിരുന്നുവെന്നും ആയത് പ്രകാരം അന്ന് തെരഞ്ഞെടുത്ത 9 അംഗങ്ങൾക്കും നോട്ടീസ് അയച്ചതിൽ രണ്ട് ഭരണസമിതി അംഗങ്ങളായ മോളി പോളി, വത്സ ജോർജ്ജ് എന്നിവർ അന്വേഷണ ഉദ്യോസ്ഥ മുമ്പാകെ നേരിട്ട് ഹാജരായി മൊഴി നൽകിയതിൽ രണ്ട് പേരും ഇത്തരത്തിൽ ഒരു സംഘം രൂപീകരിച്ചതിനെ കുറിച്ചോ, സംഘം പ്രവർത്തനത്തെ കുറിച്ചോ യാതൊന്നും അറിയില്ല എന്നും സംഘത്തിൽ അംഗത്വം എടുത്തിട്ടില്ല എന്നും, സംഘം റിക്കാർഡുകളെക്കുറിച്ചോ, രേഖകളെ കുറിച്ചോ യാതൊരു അറിവും ഇല്ല എന്നും മൊഴി

നൽകിയതായും റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. സംഘത്തിൽ നാളിതുവരെ ആഡിറ്റ് നടന്നിട്ടില്ല എന്നും സംഘത്തിന് ജില്ലാ സഹകരണ ബാങ്ക് മാനന്തവാടി ശാഖയിൽ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടും ആയതിൽ ₹ 999 ഉള്ളതായും, കൂടാതെ ജില്ലാ സഹകരണ ബാങ്ക് മെയിൻ ശാഖയിൽ ₹ 1,14,010 ഉള്ളതായും, സംഘത്തിന് ജില്ലാ സഹകരണ ബാങ്കിൽ ₹ 1000 രൂപ ഓഹരിയുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പരിശോധനാ ഉദ്യോഗസ്ഥ സംഘത്തിന്റെ സേവിംഗ് അക്കൗണ്ട് ലഡ്ജർ പകർപ്പ് എടുത്തു പരിശോധിച്ചതിൽ സംഘത്തിന് അനുവദിച്ചതിൽ സംഘത്തിന് അനുവദിച്ച അക്കൗണ്ട് നമ്പർ 130011201700029 31-3-2004-ലാണ് ആരംഭിച്ചതെന്നും ആ കാലയളവിൽ സീമ ജെയിംസ്, സുനന്ദ എന്നിവർ യഥാക്രമം പ്രസിഡന്റും, സെക്രട്ടറിയും ആയി എസ്.ബി. അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിന് ചുമതലപ്പെടുത്തിയെന്നും, ഇതിൽ സുനന്ദ എന്നവർക്ക് സഹകരണ വകുപ്പിൽ ഇൻസ്പെകടറായി ജോലികിട്ടിപോയി എന്നും ടി സുനന്ദയെ നോട്ടീസ് അയച്ചു മൊഴി രേഖപ്പെടുത്തിയതിൽ ടിയാൾ 2005 മുതൽ 2015 നവംബർ പകുതി വരെ സംഘത്തിൽ സെക്രട്ടറിയായി ജോലി ചെയ്തുവെന്നും സംഘം കാരക്കാമല എന്ന സ്ഥലത്തായിരുന്നുവെന്നും സെക്രട്ടറിയായി ചാർജ്ജ് ഏറ്റെടുക്കുന്ന കാലത്ത് സംഘത്തിന് ഭരണ സമിതി ഉണ്ടായിരുന്നുവെന്നും പ്രസിഡന്റ് സുമ ജെയിംസ്, കുന്നുംപുറത്ത്, കാരക്കാമല എന്നവർ ആയിരുന്നുവെന്നും സംഘത്തിന് 1 ലക്ഷം രൂപ ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് ഭരണ സമിതി അംഗങ്ങൾ പറഞ്ഞിരുന്നതായും, സംഘം സംബന്ധിച്ച് റിക്കാർഡുകൾ പ്രസിഡന്റ് വശമാണ് ഉള്ളതെന്നും മൊഴി രേഖപ്പെടുത്തിയതായും അത് പ്രകാരം മേപ്പടി സുമ ജെയിംസിന് പരിശോധന ഉദ്യോഗസ്ഥ അയച്ച രജിസ്ട്രേഡ് നോട്ടീസ് ശ്രീമതി സുമ ജെയിംസിന് അയച്ചതിൽ ടിയാരി നോട്ടീസ് കൈപ്പറ്റിയെങ്കിലും അന്വേഷണ ഉദ്യോഗസ്ഥ മുമ്പാകെ ഹാജരാകുകയോ റിക്കാർഡുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇപ്പോൾ സംഘത്തിന് സ്വന്തമായോ, വാടകയ്ക്കോ ആഫീസോ, ജീവനക്കാരോ നിലവിലില്ലാത്തതും, സംഘം വർഷങ്ങളായി പൂർണ്ണമായും പ്രവർത്തനരഹിതമാണെന്നും പുനരുജ്ജീവിപ്പിക്കാൻ യാതൊരു സാധ്യതയും ഇല്ല എന്നും, തീർത്തും പ്രവർത്തന രഹിതമായ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംഘം സമാപ്തീകരണ നടപടികൾ സ്വീകരിക്കാമെന്ന് മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (1) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. ടി സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (2) പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും മാനന്തവാടി സർക്കിൾ സഹകരണ യൂണിയനോടും രജിസ്ട്രേഡ് തപാലിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം കാരക്കാമല വനിതാ മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡബ്ല്യു 130-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72(1) പ്രകാരം മാനന്തവാടി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പനമരം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും, സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളുടെയും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(2)

നമ്പർ എ.ഇ.എൽ. 2512/2019. 2020 മാർച്ച് 7.

വിഷയം :—സമാപ്തീകരണം—ലിക്വിഡേഷൻ—കൽപറ്റ ടൈലേഴ്സ് & ഗാർമെന്റ്സ് വർക്കേഴ്സ് സഹകരണ സംഘം ഡബ്ല്യു. 77—സമാപ്തീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) വൈത്തിരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ടെ 23-5-2019-ാം തീയതിയിലെ 508/2018 (5) നമ്പർ കത്ത്.

(2) പരിശോധനാ ഉദ്യോഗസ്ഥന്റെ 31-10-2018-ലെ സഹകരണ നിയമം വകുപ്പ് 66 പ്രകാരമുള്ള പരിശോധനാ റിപ്പോർട്ട്.

(3) ഈ ആഫീസിലെ 11-7-2019-ലെ ഇതേ നമ്പർ രജിസ്ട്രേഡ് നോട്ടീസുകൾ.

വൈത്തിരി താലൂക്കിൽ കൽപ്പറ്റ ആസ്ഥാനമായി പ്രവർത്തിച്ചു വന്നിരുന്ന കൽപ്പറ്റ ടൈലേഴ്സ് & ഗാർമെന്റ്സ് വർക്കേഴ്സ് സഹകരണ സംഘം ഡബ്ല്യു 77-വർഷങ്ങളായി പ്രവർത്തനരഹിതമായതിനെ തുടർന്ന് വൈത്തിരി അസി. രജിസ്ട്രാർ (ജനറൽ)ടെ 30-4-2018, 28-7-2018 തീയതികളിലെ 508/2018-ാം നമ്പർ ഉത്തരവ് പ്രകാരം സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു പരിശോധന നടത്തുന്നതിന് നിയോഗിക്കപ്പെട്ട വൈത്തിരി അസി. രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൽപ്പറ്റ യൂണിറ്റ് ഇൻസ്പെക്ടർ സൂചന (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. ടി പരിശോധനയിൽ സംഘം 31-12-1990-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചതായും ഇപ്പോൾ സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ അഡ്മിനിസ്ട്രേറ്ററോ, നിലവിലില്ല എന്നും, തീർത്തും

പ്രവർത്തനരഹിതമായ സംഘം സമാപ്തീകരിക്കുന്നതാണ് ഉചിതമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരിശോധന ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാമെന്നും വൈത്തിരി അസി. രജിസ്ട്രാർ (ജനറൽ) സൂചന (1) കത്ത് പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്. സംഘം ലിക്വിഡേറ്റ് ചെയ്യാതിരിക്കാൻ വല്ല കാരണങ്ങളുമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (3) നോട്ടീസ് പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിനോടും വൈത്തിരി സർക്കിൾ സഹകരണ യൂണിയനേയും അറിയിച്ചിരുന്നുവെങ്കിലും ആയതിന് യാതൊരു മറുപടികളും ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ എന്നിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ്

1969-ലെ സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം കൽപ്പറ്റ ടൈലേഴ്സ് & ഗാർമെന്റ്സ് വർക്കേഴ്സ് സഹകരണ സംഘം ഡബ്ലിയു. 77-ന്റെ പ്രവർത്തനം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ നിയമം 72 (1) പ്രകാരം വൈത്തിരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കൽപ്പറ്റ യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്റർ ആയി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ ചുമതല ഏൽക്കുന്ന കാലത്തെ സംഘത്തിന്റെ കടധനപ്പട്ടിക തയ്യാറാക്കേണ്ടതും, സംഘത്തിന്റെ സകല മുതലുകളും റിക്കാർഡുകളും ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത മുതലുകളുടെയും റിക്കാർഡുകളും പട്ടികയുടെ ഒരു പകർപ്പ് ഈ ആഫീസിൽ സമർപ്പിക്കേണ്ടതും ലിക്വിഡേറ്റർ ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കാര്യാലയം, വയനാട്, കൽപ്പറ്റ. (ഒപ്പ്) ജോയിന്റ് രജിസ്ട്രാർ (ജനറൽ).